**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3832** **03-03-2023 - ൽ മറുപടിയ്ക്ക്**

**ഡിജിറ്റൽ വർക്ക് ഫോഴ്സ് മാനേജ്മെന്റ് സിസ്റ്റം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എം.സച്ചിൻദേവ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | ഡിജിറ്റൽ വർക്ക് ഫോഴ്സ് മാനേജ്മെന്റ് സിസ്റ്റം (ഡി.ഡബ്ല്യ.എം.എസ്) വഴി തൊഴിൽ ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ വിശദമാക്കാമോ; | (എ) | ഓരോ തൊഴിലന്വേഷകന്റെയും അടിസ്ഥാന വിവരങ്ങൾ, വിദ്യാഭ്യാസ യോഗ്യത, പ്രവൃത്തി പരിചയം, താല്പര്യ മേഖലകൾ എന്നിവ പ്ലാറ്റ്ഫോമിൽ നൽകിക്കൊണ്ടാണ് DWMS-ൽ തൊഴിലന്വേഷകനെ എൻറോൾ ചെയ്യിക്കുന്നത്. ഇതിൽ നൽകുന്ന വിവരങ്ങൾ ഉൾപ്പെടുത്തി ഓരോ തൊഴിലന്വേഷകന്റെയും വിശദമായ ബയോഡാറ്റ/ സി വി സിസ്റ്റം തന്നെ തയ്യാറാക്കും. ഇതിന്റെ അടിസ്ഥാനത്തിൽ ഓരോ ദിവസവും DWMS-ൽ വിവിധ തൊഴിൽ ദാതാക്കൾ പോസ്റ്റ്ചെയ്യുന്ന തൊഴിലുകൾക്ക് അനുയോജ്യരായവരെ ആർട്ടിഫിഷ്യൽ ഇന്റലിജൻസിന്റെ സഹായത്തോടെ കണ്ടെത്തി ഓരോ തൊഴിലന്വേഷകന്റെയും പ്രൊഫൈൽ പേജിൽ പ്രദർശിപ്പിക്കുന്നു. ജോലിയുടെ വിശദാംശങ്ങൾ (ജോലിയുടെ സ്വഭാവം, ജോലിയെടുക്കേണ്ട സ്ഥലം, വേതനം മുതലായവ), താല്പര്യം എന്നിവ പരിഗണിച്ച് ഓരോ തൊഴിലന്വേഷകനും തങ്ങൾക്ക് അനുയോജ്യമായ തൊഴിലുകൾക്ക് അപേക്ഷിക്കാം.<br><br>തൊഴിൽദാതാക്കൾ DWMSൽ പോസ്റ്റ് ചെയ്യുന്ന തൊഴിലവസരങ്ങളിൽ തൊഴിലിന് വേണ്ട യോഗ്യത, പ്രവൃത്തി പരിചയം, നൈപുണികൾ, ശമ്പളം എന്നീ വിവരങ്ങൾ നല്കിയിട്ടുണ്ടാവും. ഇത് വായിച്ച് മനസിലാക്കിയാണ് തൊഴിലന്വേഷകൻ തൊഴിലിനായി അപേക്ഷിക്കേണ്ടത്. യോഗ്യതകളുടെ അടിസ്ഥാനത്തിലുള്ള അപേക്ഷകരുടെ ഒരു ചുരുക്കപ്പട്ടിക ആർട്ടിഫിഷ്യൽ ഇന്റലിജൻസിന്റെ സഹായത്തോടെ തൊഴിൽ ദാതാവിന് ലഭ്യമാക്കി, ഇന്റർവ്യൂ നടത്തി തിരഞ്ഞെടുപ്പ് നടത്താനുള്ള സംവിധാനവും പോർട്ടലിൽ ലഭ്യമാണ്. |
| (ബി) | പ്രസ്തുത പദ്ധതിയിൽ വൈജ്ഞാനിക തൊഴിലുകൾ ലഭിക്കുന്നതിന് പ്രത്യേക ട്രെയിനിങ്ങുകൾ | (ബി) | ഉണ്ട്. തൊഴിൽ ലഭ്യത വർദ്ധിപ്പിക്കുന്നതിനായി തൊഴിൽ അന്വേഷകർക്ക് വിവിധ സൗജന്യ |

| | | | |
|---|---|---|---|
| | നിലവിലുണ്ടോ; വിശദമാക്കാമോ? | | ക്യൂറേഷൻ സേവനങ്ങൾ DWMS പോർട്ടലിലൂടെ പ്രയോജനപ്പെടുത്താവുന്നതാണ്. ഇംഗ്ലീഷ് കമ്മ്യൂണിക്കേഷൻ സ്കിൽസ് മെച്ചപ്പെടുത്താനായി പേഴ്സണാലിറ്റി ഡെവെലപ്മെൻറ് ട്രെയിനിങ്, ഇന്റർവ്യൂ ഗ്രൂമിംഗ് നല്കുന്നതിലേക്കായി വർക്ക് റെഡിനെസ് പ്രോഗ്രാം മുതലായ ഹ്രസ്വകാല പരിശീലങ്ങൾ DWMS പോർട്ടലിൽ ലഭ്യമാക്കിയിട്ടുണ്ട് . ഇത് കൂടാതെ തൊഴിലന്വേഷകരുടെ നൈപുണ്യ വികസനത്തിനായി വിവിധ ഏജൻസികൾ നടത്തിവരുന്ന നൈപുണ്യ പരിശീലന പരിപാടികളും ഈ പ്ലാറ്റ്ഫോമിൽ ലഭ്യമാക്കിയിട്ടുണ്ട്. DWMS പോർട്ടലിൽ രജിസ്റ്റർ ചെയ്ത എല്ലാ തൊഴിലന്വേഷകർക്കും ഈ സേവനങ്ങൾ ഉപയോഗിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ